ഉത്തരം

(എ) ഉണ്ട്. ഇത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്.

(ബി ആന്റ് സി) കേരള സ്റ്റേറ്റ് ലോറി ഓണേർസ് ഫെഡറേഷൻ, എറണാകുളം ജില്ലാ പ്രൈവറ്റ് ബസ് ഓപ്പറേറ്റേർസ് അസോസിയേഷൻ, ബസ് വ്യവസായ സംരക്ഷണ സമിതി, തലശ്ശേരി പ്രൈവറ്റ് ബസ് ഓപ്പറേറ്റേർസ് അസോസിയേഷൻ, കേരളാ സ്റ്റേറ്റ് പ്രൈവറ്റ് ബസ് ഓപ്പറേറ്റേർസ് ഫെഡറേഷൻ തുടങ്ങിയ സംഘടനകൾ ഇക്കാര്യത്തിൽ സർക്കാരിൽ പരാതിപ്പെട്ടിട്ടുണ്ട്.

(ഡി) 2003 സെപ്റ്റംബർ ഒന്നു മുതൽ ഈ തീരുമാനം നടപ്പിലാക്കാനാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്. പിന്നീട് ഈ തീയതി 2003 ഡിസംബർ ഒന്നിലേക്ക് മാറ്റി വീണ്ടും ആറുമാസത്തേക്കുകൂടി നീട്ടുന്ന കാര്യം ബഹു. കേരള ഹൈക്കോടതിയോട് അപേക്ഷിച്ചിരിക്കുകയാണ്.

ബസ്സുകളിൽ എമർജൻസി വാതിലുകൾ ഘടിപ്പിക്കുവാൻ നടപടി

62 [497] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സുകളിൽ എമർജൻസി വാതിലുകൾ ഘടിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് തീയതിക്കു മുമ്പായി ഇത്തരം വാതിലുകൾ ബസ്സുകളിൽ ഘടിപ്പിക്കണമെന്നാണ് അറിയിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വാതിലുകൾ ഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം എന്തായിരുന്നു;

(ഡി) നിശ്ചിത തീയതിക്കു മുമ്പായി ബസ്സുകളിൽ എമർജൻസി വാതിലുകൾ ഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) 2002 ആഗസ്റ്റ് ഒന്നാം തീയതി മുതൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാ സ്റ്റേജ് കാര്യേജുകൾക്കും എമർജൻസി വാതിൽ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അപകടത്തിൽപ്പെടുന്ന വാഹനങ്ങളിൽ നിന്നും യാത്രക്കാർക്ക് രക്ഷപ്പെടുന്നതിനും പുറമെനിന്ന് പോലീസിനോ ഫയർഫോഴ്സിനോ രക്ഷാപ്രവർത്തകർക്കോ ബസ്സിനുള്ളിൽ കടന്ന് യാത്രക്കാരെ രക്ഷപ്പെടുത്തുന്നതിനും വേണ്ടിയാണ് എമർജൻസി വാതിലുകൾ ഘടിപ്പിക്കുവാൻ തീരുമാനിച്ചത്.

(ഡി) 2002 ആഗസ്റ്റ് ഒന്നാം തീയതിക്ക് മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങൾ അവയുടെ ബോഡി എപ്പോഴെങ്കിലും പുതുക്കിപ്പണിയുമ്പോൾ എമർജൻസി വാതിലുകൾ ഘടിപ്പിക്കണമെന്നാണ് ഉത്തരവായിട്ടുള്ളത്.

ബസ്സുകളുടെ ഫുട്ബോർഡിന്റെ ഉയരക്കൂടുതൽമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

63 [498] ശ്രീ. കെ. പി. വിശ്വനാഥൻ:
,, എം. മുരളി:
,, ഇ. എം. അഗസ്തി:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേജ് കാര്യേജുകളുടെ ഫുട്ബോർഡ് തറയിൽ നിന്നും എത്ര ഉയരത്തിലായിരിക്കണമെന്ന് എന്തെങ്കിലും നിയമവ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് പറയുമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടേയും സ്വകാര്യ ബസ്സുകളുടേയും ഫുട്ബോർഡ് ആയാസം കൂടാതെ വണ്ടിയിൽ കയറിപ്പറ്റത്തക്കവിധമുള്ള ഉയരത്തിലാണോ നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) മിക്ക സ്റ്റേജ് കാര്യേജുകളുടേയും ഫുട്ബോർഡ് തറയിൽനിന്ന് വളരെ ഉയരത്തിലായതിനാൽ യാത്രക്കാർക്ക് കയറാനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് സ്റ്റേജുകാര്യേജുകളുടെ ഫുട്ബോർഡിന്റെ ഉയരം കുറയ്ക്കുവാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly